# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 6231

09.07.2013-ലെ മറുപടിക്ക്

### പൂജപ്പുര സെൻട്രൽ ജയിലിലെ സുരക്ഷാ സംവിധാനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) പൂജപ്പുര സെൻട്രൽ ജയിലിലെ അതിസുരക്ഷാ ബ്ലോക്കിൽ നിന്നും കൊടും കുറ്റവാളി ജയാനന്ദനും കൂട്ടാളിയും ചാടിപ്പോയതിനുശേഷം സെൻട്രൽ ജയിലിലെ സുരക്ഷാ സംവിധാനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | എ) സുരക്ഷാ സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം സെൻട്രൽ ജയിലിലെ തകരാറിലായിരുന്ന സി.സി.ടി.വി. സംവിധാനം റിപ്പയർ ചെയ്യുന്ന ജോലികൾ നടന്നു വരുന്നു. സി.സി.ടി.വി. കൺട്രോൾ റൂമിൽ പരിശീലനം ലഭിച്ച സ്ഥിരം ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. സെല്ലുകളിലെ പൂട്ടുകൾ തടവുകാർക്ക് മുറിച്ച് മാറ്റാൻ കഴിയാത്ത വിധം ഇരുമ്പു പട്ടകൾ ഉപയോഗിച്ച് വെൽഡ് ചെയ്ത് സുരക്ഷ ശക്തമാക്കുകയും ഓഫീസർ റാങ്കിലുള്ള ഒരാളെ രാത്രി ഡ്യൂട്ടിക്കായി ചുമതലപ്പെടുത്തുകയും വാഴയ്ക്ക് താങ്ങ് കൊടുത്തിരിക്കുന്ന കഴകൾ ഉൾപ്പെടെ തടവു ചാടാൻ ഉപയോഗിക്കപ്പെടാവുന്ന എല്ലാ വസ്തുക്കളും ജയിലിനുള്ളിൽ നിന്നും പുറത്തേയ്ക്ക് മാറ്റുകയും ജയിൽ മതിലിന് സമീപമുണ്ടായിരുന്ന വാഴകൾ, മുരിങ്ങ തുടങ്ങിയവ മുറിച്ചു മാറ്റുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ